ശ്രീ. വി. ശ്രീധരൻ : ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ വെൽഫെയർ ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. വി ശ്രീധരൻ : വെൽഫെയർ ആഫീസറന്മാരെ നിയമിക്കണമെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. വി ശ്രീധരൻ : അങ്ങനെയാണെങ്കിൽ ഇതേവരെ നിയമിക്കാത്തതു എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

കണ്ടിൻജൻസ് ജീവനക്കാർ.

*315. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി സേവനം അനുഷ്ഠിച്ചുവരുന്ന കണ്ടിൻജൻസി ജീവനക്കാരുടെ മൊത്തം സംഖ്യ എത്ര;

(ബ) ഇവരിൽ തിരുവനന്തപുരം മ്യൂസിയത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നവർ എത്ര;

(സി) ഇവരിൽ തുപ്പുകാരായ സ്ത്രീ തൊഴിലാളികളുടെ വെട്ടിക്കുറച്ചിരിക്കുന്ന ശമ്പളം പഴയപടി 42 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടു വല്ല നിവേദനവും ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി സേവനം അനുഷ്ഠിച്ചുവരുന്ന കണ്ടിൻജൻസി ജീവനക്കാരുടെ മൊത്തം സംഖ്യ 8567.

(ബ) തിരുവനന്തപുരം മ്യൂസിയത്തിലുള്ള ജീവനക്കാർ 148.

(സി) ഇവരിൽ തുപ്പുകാരായ സ്ത്രീ തൊഴിലാളികളുടെ വെട്ടിക്കുറച്ചിരിക്കുന്ന ശമ്പളം പഴയപടി 42 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ടു നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) അതു മ്യൂസിയം കണ്ടിൻജൻസിക്കാരെമാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല. ഒരു പൊതു പ്രശ്നമെന്ന നിലയിൽ അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : തുപ്പുകാരുടെ ശമ്പളം എന്നു വെട്ടിക്കുറച്ചു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ശ്രീധരൻ : തുപ്പുകാരുടെ സമ്പാദ്യം പരിശോധിച്ച് വർദ്ധിപ്പിക്കുമെന്ന് അവശ്യപ്പെടുമ്പോൾ അത് എങ്ങിനെ ജനറൽ ക്ലാസ്സ്മാൻ ആകും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇന്ന വിധത്തിൽ വേണമെന്നതു ജനറൽ ഓഡിറ്റർ ആണ്. അതു പുനഃപരിശോധന ചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : ഈ കാര്യത്തിൽ അടിയന്തിരമായി ശ്രദ്ധിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണ് ആലോചിക്കുന്നതെന്നു പറഞ്ഞതു്.

ശ്രീ. വി. ശ്രീധരൻ : 1953-ന് ശേഷമാണ് ഇവരുടെ സമ്പാദ്യം വെട്ടിക്കൂച്ചിരിക്കുന്നതു് എന്നുള്ളതിനെ പരിഗണിച്ചു് ഇതിനു് സത്വര നടപടി എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കുന്നതെന്തെന്നു് പറഞ്ഞുകഴിഞ്ഞു.

ശ്രീ. വി. ശ്രീധരൻ : 1953-ന മുൻപ് അവരുടെ സമ്പാദ്യം വെട്ടിക്കുറച്ചിട്ടില്ലെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആലോചിക്കുമ്പോൾ അതു കൂടി പരിഗണിക്കാം.

ശ്രീ. വി. ശ്രീധരൻ : ഇതിന്റെ ആലോചന പൂർത്തിയാക്കുന്നതിനു് ഏതുസമയം വേണ്ടിവരും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പറയുവാൻ നിവൃത്തിയില്ല.

ശ്രീമതി കെ. ആർ. ഗൗരി : അവരെ റഗുലർ സർവ്വീസിൽ എടുക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണ് ആലോചിക്കുന്നതെന്നു് പറയുന്നതു്.

ശ്രീമതി കെ. ആർ. ഗൗരി : 1954 ജൂലൈയിൽ, ഇവരുടെ കാര്യം അലോചിക്കാമെന്നു മറുപടി പറഞ്ഞിട്ടു് ഇത്ര കാലതാമസം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതൊരു ജനറൽ ക്ലാസ്സ്മാൻ ആയി ഡാറ്റ ചെയ്യുന്നതു് എന്നു ഞാൻ പറഞ്ഞു.

ശ്രീമതി കെ. ആർ. ഗൗരി : ഒരു വാഗ്ദാനം നിറവേറ്റുന്നതിനു് എത്ര സമയം വേണം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ആ വാഗ്ദാനത്തിന്റെ സ്വഭാവം അനുസരിച്ചു് ഇരിക്കും.

ശ്രീമതി കെ. ആർ. ഗൗരി : കഴിയുന്നതും വേഗത്തിൽ വാഗ്ദാനം നിറവേറ്റുമെന്നു് അക്കൗണ്ടൻസ് കമ്മിറ്റിയുടെ സുപാർശ കിട്ടിയിട്ടില്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീമതി കെ. ആർ. ഗൗരി : അപ്പോൾ പ്രായം എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നല്ല ശുപാർശയുണ്ട്.

ശ്രീ. ആർ. സുഗതൻ : എത്ര രൂപയാണ് പെട്ടിക്കടയ്ക്കുള്ളത്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനു നോട്ടീസുവേണം.

ശ്രീ. ആർ. സുഗതൻ : അവരുടെ ഇടയിൽ വരുന്ന, കഴിവില്ലാത്ത പ്രായമുള്ള എക്സ്ചേഞ്ചു് മുഖാന്തരം മാത്രമേ നിയമിക്കുകയുള്ളു എന്നു് ഉത്തരവുണ്ടോ?

MR. SPEAKER: That is a separate question.

ഭാരത സേവക സമാജം.

* 316. [5] ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യം മിക്ക മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭാരത് സേവക് സമാജത്തിന്റെ പ്രവർത്തനങ്ങൾക്ക് സർക്കാരിൽനിന്നു സഹായധനം നൽകിവരുന്നുണ്ടോ;

(ബി) 1955-ൽ ഈ ഇനത്തിൽ ചെലവായ തുകയെത്ര?

മുഖ്യമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) ഭാരത സേവക സമാജിന്റെ പ്രവർത്തനങ്ങൾക്കു സർക്കാരിൽനിന്നു സഹായധനം നൽകി വരുന്നില്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള : ഈ സമാജത്തിന്റെ പ്രവർത്തനത്തെപ്പറ്റി പരാതി കിട്ടിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇല്ല.

ശ്രീ. ടി. പി. സീതാരാമൻ : ഇതു് ഒരു സാൽവൊളിറ്റിക്കൽ ആർഗനൈസേഷൻ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതെ.

ശ്രീ. ടി. പി. സീതാരാമൻ : ഇവരുടെ പ്രവർത്തനങ്ങളെ സ്തുതിച്ചു നിവേദനം ലഭിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സ്തുതി ഉണ്ടായിട്ടുണ്ടു്, നിവേദനം ലഭിച്ചിട്ടില്ല.

പഴക്കം ചെന്ന സ്മാരകങ്ങൾ.

* 317. (6) ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യം മിക്ക മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) പഴക്കം മൂലം അപകടസ്ഥിതിയിലായിരിക്കുന്ന വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സ്ഥിതിവിവരങ്ങൾ ഗവണ്മെന്റ് ശേഖരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly